# അക്കാദമിക് മാസ്റ്റർ പ്ലാൻ

## സ്കൂൾ തലം

ഗവ: എൽ. പി. ജി. എസ്

കിഴക്കേ മാറനാട്

2025-2026




SCHOOL

# അടിസ്ഥാനവിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : ഗവ: എൽ. പി. ജി. എസ്.
കിഴക്കേമാറനാട്.

വിലാസം : മാറനാട്. P.O.

സ്കൂൾ കോഡ് :

വിദ്യാഭ്യാസ ഉപജില്ല : കൊട്ടാരക്കര

ജില്ല : കൊല്ലം

പഞ്ചായത്ത് : പവിത്രേശ്വരം

വില്ലേജ് : പവിത്രേശ്വരം

താലൂക്ക് : കുന്നത്തൂർ

ലോകസഭാമണ്ഡലം :

നിയോജകമണ്ഡലം : കുന്നത്തൂർ

ബി. ആർ. സി : കൊട്ടാരക്കര

പോസ്റ്റ് ഓഫീസ് : മാറനാട്

ബ്ലോക്ക് : വെട്ടിക്കവല

# ഉള്ളടക്കം

* ആമുഖം
* ലക്ഷ്യം
* അവസ്ഥാപഠനം
* പ്രശ്നങ്ങൾ കണ്ടെത്തൽ
* പ്രശ്നങ്ങൾ മുൻഗണനാക്രമത്തിൽ
* പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും
* ഹ്രസ്വകാല / ദീർഘകാല ലക്ഷ്യങ്ങൾ
* വിഭവസമാഹരണം
* വിശേഷങ്ങൾ
* ദിനാചരണങ്ങൾ
* ഭൗതികസൗകര്യങ്ങൾ
* മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ
* പരിമിതികൾ
* സാമൂഹികപങ്കാളിത്തം


# ആമുഖം

കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിലെ പവിത്രേശ്വരം പഞ്ചായത്തിലെ പ്രകൃതി സുന്ദരഗ്രാമമാണ് കിഴക്കേമാറനാട്. ഈ ഗ്രാമത്തിലെ നൂറ് വർഷം പഴക്കമുള്ളതും പഠനപ്രവർത്തനങ്ങളാൽ കൊട്ടാരക്കര സബ്ജില്ലയിൽ മികച്ച ഒരു പൊതു വിദ്യാലയമാണ് എൽ. പി. ജി. എസ്. കിഴക്കേ മാറനാട്. ഒന്നാം ക്ലാസ്സ് മുതൽ അഞ്ചാം ക്ലാസ് വരെയും പ്രീപ്രൈമറിയും ചേർന്ന സ്കൂളാണ് എൽ. പി. ജി. എസ് കിഴക്കേമാറനാട്. ഒന്നുമുതൽ അഞ്ചാം ക്ലാസ് വരെ കുട്ടികൾ പഠിക്കുന്നുണ്ട്. പ്രീ-പ്രൈമറിയിൽ കുട്ടികൾ പഠിക്കുന്നു. അഞ്ച് അധ്യാപകരും ഒരു പ്രധാന അധ്യാപികയും ഒരു അനധ്യാപകനും കൂടാതെ പ്രീപ്രൈമറിയിൽ ഒരു ടീച്ചറും ഒരു ആയയും ഈ സ്കൂളിൽ പ്രവർത്തിക്കുന്നുണ്ട്. ഹിന്ദിയ്ക്ക് ആഴ്ചയിൽ രണ്ട് ദിവസം ഒരു ടീച്ചർ എത്തുന്നുണ്ട്. ബി. ആർ. സി-യിൽ നിന്നും വർക്ക് എക്സ്പീരിയൻസിനായി ഒരു ടീച്ചറും ആഴ്ചയിൽ ഒരു ദിവസം എത്തുന്നുണ്ട്.

സ്കൂൾ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഒന്നു മുതൽ അഞ്ച് വരെയുള്ള ക്ലാസുകൾ ഒരു കെട്ടിടത്തിലും പ്രീപ്രൈമറി, ഓഫീസ്, പാചകപ്പുര എന്നിവ വെവ്വേറെ കെട്ടിടങ്ങളിലുമാണ്. സ്കൂൾ ഓഡിറ്റോറിയം, കളിസ്ഥലം, അടിസ്ഥാന സൗകര്യങ്ങൾ, കമ്പോസ്റ്റ് കുഴി, ചുറ്റുമതിൽ തുടങ്ങിയവ സ്കൂളിനുണ്ട്. സ്കൂളിന് സ്വന്തമായി വാഹനസൗകര്യം ഇല്ലാത്തതിനാൽ ഒരു വാഹനം വാടകയ്ക്ക് എടുത്ത് കുട്ടികളെ സ്കൂളിൽ എത്തിക്കുന്നു.

## കാഴ്ചപ്പാട്

ഓരോ സ്കൂളും അതിന്റെ സാഹചര്യങ്ങളാലും വിഭവങ്ങളാലും അവസ്ഥകളാലും വ്യത്യസ്തമാണ്. വിദ്യാലയത്തിലെ എല്ലാ ഭൗതികസാഹചര്യങ്ങളുടെയും വികസനപ്രവർത്തനങ്ങളും അക്കാദമിക ഗുണമേന്മ വർദ്ധിപ്പിക്കാനുള്ളതാണ്. അക്കാദമിക പ്രവർത്തനങ്ങളെല്ലാം ഗുണമേന്മയുള്ള വിദ്യാഭ്യാസം ഓരോ കുട്ടിയ്ക്കും ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളാണ്. സ്കൂൾ വിലയിരുത്തൽ എന്നത് സ്കൂളിന്റെ തനതായ വിലയിരുത്തലിനെ സൂചിപ്പിക്കുന്നു. ഓരോ കുട്ടിയ്ക്കും നിശ്ചിത പഠന നേട്ടം കൈവരിക്കുവാൻ കഴിയുന്ന തരത്തിലുള്ള ഗുണമേന്മാ വിദ്യാഭ്യാസം, സന്തോഷകരമായ സ്കൂൾ അന്തരീക്ഷം, മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ, പഠനാന്തരീക്ഷം തുടങ്ങിയ സ്വന്തം വിദ്യാലയത്തെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.



# ലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തും.
* ഓരോ ഘട്ടം കഴിയുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി രക്ഷിതാക്കളുടക്കമുള്ള സമൂഹത്തെ അറിയിക്കും.
* കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സബ് ജില്ല, ജില്ലാ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.
* ഓരോ കുട്ടിക്കും നിശ്ചിത പഠനനേട്ടങ്ങൾ ആർജ്ജിക്കുവാൻ കഴിയുന്ന തരത്തിലുള്ള ഗുണമേന്മാവിദ്യാഭ്യാസം.

  എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള കഴിവ് ഉറപ്പു വരുത്തും.
* മെച്ചപ്പെട്ട ആരോഗ്യ- സുരക്ഷാ സംവിധാനങ്ങൾ ഉറപ്പു വരുത്തും
* സന്തോഷകരമായ സ്കൂൾ അന്തരീക്ഷം
* മെച്ചപ്പെട്ട ഭൗതികസാഹചര്യങ്ങൾ, പഠനാന്തരീക്ഷം
* കൂട്ടായ പ്രവർത്തനങ്ങൾ
* സാമൂഹികപങ്കാളിത്തം

വായനശീലം
വർദ്ധിപ്പിക്കൽ

പാരിസ്ഥിതികാവബോധം
വളർത്തൽ

ലഹരിവിമുക്ത
വിദ്യാലയം

കായികതാരങ്ങളെ
വളർത്തൽ

താല്പര്യം

അവസ്ഥാപഠനം

ശാസ്ത്രാവബോധം
വളർത്തൽ

സ്കൂൾകൗൺസിൽ

മികവിന്റെ
കേന്ദ്രം

# വായനശീലം വർദ്ധിപ്പിക്കൽ

ഒരു വ്യക്തിക്ക് ഉണ്ടായിരിക്കാവുന്ന ഏറ്റവും നല്ല ഗുണങ്ങളിൽ ഒന്നാണ് വായന. വായന മനുഷ്യന്റെ ബുദ്ധിയേയും വിവേകത്തെയും ഉണർത്തുന്നു. മനുഷ്യ ജീവിതത്തിൽ വിലമതിക്കാനാവാത്ത സ്ഥാനം വായനയ്ക്കുണ്ട്. കുട്ടികൾ അവരുടെ വായന പാഠപുസ്തകങ്ങളിൽ ഒതുക്കാതെ അവരവരുടെ പ്രായത്തിനനുസരിച്ച് വായനയെ പരിപോഷിപ്പിക്കേണ്ടതാണ്.

വായനശീലം വർദ്ധിപ്പിക്കാൻ പലതരത്തിലുള്ള പ്രവർത്തനങ്ങളാണ് സ്കൂൾ ഏറ്റെടുത്ത് നടപ്പാക്കിവരുന്നത്.

## ക്ലാസ് ലൈബ്രറി

ഓരോ ക്ലാസിലെയും കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ക്ലാസ് ലൈബ്രറി ക്രമീകരിച്ചിട്ടുണ്ട്. ഒഴിവുസമയങ്ങളിൽ പാഠപുസ്തകവായനയ്ക്ക് പുറമേ ക്ലാസ് ലൈബ്രറി പുസ്തകങ്ങൾ വായിക്കാനുള്ള അവസരം ഉണ്ട്.

## സ്കൂൾ ലൈബ്രറി

സ്കൂൾ ലൈബ്രറിയിൽ      പുസ്തകങ്ങൾ ഉണ്ട്. അവ ഓരോ ക്ലാസിലും ആഴ്ചയിലെ നിശ്ചിതദിവസമനുസരിച്ച് സമയക്രമം പാലിച്ച് നൽകി വരുന്നു. സ്കൂൾ ലൈബ്രറിയുടെ ചുമതല ഒരു ക്ലാസ് ടീച്ചറെ ഏൽപ്പിച്ചിട്ടുണ്ട്. കുട്ടികൾ വായനയ്ക്കായി എടുക്കുന്ന പുസ്തകങ്ങൾ വായിച്ചതിനുശേഷം നിശ്ചിത ദിവസത്തിനുള്ളിൽ തിരികെ എത്തിക്കുകയും പുതിയ പുസ്തകങ്ങൾ വാങ്ങി വായിക്കുകയും ചെയ്യുന്നു. വായനക്കുറിപ്പ് തയ്യാറാക്കി

ക്ലാസിൽ അവതരിപ്പിക്കുന്നു. സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങൾ, കഥ, കവിത, നോവൽ, ക്വിസ്, ഉപന്യാസം, ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം, ഹിന്ദി, ഇംഗ്ലീഷ് എന്നിങ്ങനെ തരംതിരിച്ച് വച്ചിട്ടുണ്ട്.

സ്കൂൾ പരിധിയിലുള്ള 'ജ്ഞാന സന്ദായിനി ഗ്രന്ഥശാല' സന്ദർശിക്കുകയും പുസ്തകങ്ങൾ വായനയ്ക്കായി ശേഖരിക്കുകയും ചെയ്യുന്നുണ്ട്. ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന വിവിധതരം ക്വിസ് മത്സരങ്ങളിൽ സ്കൂളിലെ കുട്ടികൾ പങ്കെടുക്കുകയും വിജയിക്കുകയും ചെയ്യുന്നുണ്ട്. സ്കൂൾ തലത്തിൽ പുസ്തക ചർച്ചകൾ നടത്തുന്നു. സംയുക്ത ഡയറി, സചിത്ര പാഠപുസ്തകം എന്നിങ്ങനെ ക്ലാസ്തല പ്രവർത്തനങ്ങൾ നടത്തുന്നു.

വായനയ്ക്കു പുറമേ സ്കൂളിന്റെ പരിസരത്തുള്ള സാഹിത്യകാരന്മാരുമായി സംവാദം, ഗൃഹസന്ദർശനം, അഭിമുഖം എന്നിവ നടത്താറുണ്ട്. വായനദിനാചരണത്തിന്റെ ഭാഗമായി ക്വിസ്, പോസ്റ്റർ, പ്രതിജ്ഞ, ജീവചരിത്രക്കുറിപ്പ് തുടങ്ങിയ വിവിധ തരം പ്രവർത്തനങ്ങൾ നടത്തുന്നു. വായന ദിനാചരണത്തിന്റെ ഭാഗമായി ക്വിസ്, പോസ്റ്റർ, പ്രതിജ്ഞ, ജീവചരിത്രക്കുറിപ്പ്, വായന മത്സരം എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ എല്ലാ കുട്ടികളുടെയും സജീവ പങ്കാളിത്തത്തോടെ നടത്തുന്നു. വായനവാരം ആചരിക്കുന്നു. പുസ്തകത്തിലെ ആശയങ്ങളെ മറ്റ് വിവിധ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി പുനരാവിഷ്കരിക്കുന്നു. പുസ്തക വായന, വായനക്കാർഡ് വായന, വായനക്കാർഡ് നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ വായനയെ പരിപോഷിപ്പിക്കുന്നു. വായനയെ കുട്ടി തന്റെ അനുഭവങ്ങളാക്കി മാറ്റുന്നു.



# പാരിസ്ഥിതികാവബോധം വളർത്തൽ

നമുക്ക് ചുറ്റുമുള്ള പരിസ്ഥിതി സംരക്ഷിക്കപ്പെടേണ്ടതുണ്ട്. പ്രകൃതി ഇന്ന് പലതരത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയമാകുന്നു. പ്രകൃതിയെ മലിനമാക്കാതെ എങ്ങനെ സംരക്ഷിക്കാമെന്ന് പ്രീസ്കൂൾ കാലം മുതൽ കുട്ടികൾ അറിഞ്ഞിരിക്കണം. പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങൾ കുട്ടികൾ ഏറ്റെടുത്ത് ചെയ്യുന്നതിനായി പലതരം പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങളിലൂടെ കുട്ടികളെ നയിക്കുന്നു. പരിസ്ഥിതി ബോധം വളർത്തുന്നതിനായി സ്കൂൾ ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ

* പരിസ്ഥിതിക്ലബ്ബ് രൂപീകരിക്കുന്നു.
* ഹരിത ക്ലബ്ബ്
* ഹരിത സേന
* സയൻസ് ക്ലബ്ബ്
* ദിനാചരണങ്ങൾ
* പ്ലാസ്റ്റിക് വിമുക്തസ്കൂൾ
* മാലിന്യനിർമ്മാർജ്ജനം

പാരിസ്ഥിതിക വിദ്യാഭ്യാസം എന്ന ആശയത്തിലൂടെ കുട്ടികളിൽ ആരോഗ്യപരമായ ഒരു മാനസികാവസ്ഥ സൃഷ്ടിക്കുന്നു. പരിസ്ഥിതി പ്രവർത്തനങ്ങളിലൂടെ കുട്ടിക്ക് തന്റെ ചുറ്റുപാടുകളെ മനസ്സിലാക്കാൻ കഴിയുന്നു. പാരിസ്ഥിതികപ്രശ്നങ്ങൾ, പ്രശ്ന പരിഹാരം, കുട്ടിയുടെ പങ്ക് തുടങ്ങിയ വിവിധ പ്രവർത്തനങ്ങളിലൂടെ അറിവ് സമ്പാദിക്കുന്നതിനുപരി പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു.

മേഖല: അക്കാദമികം

ഉപമേഖല: ഭാഷ

ലക്ഷ്യം:

അടിസ്ഥാന ഭാഷാശേഷി വികസനം

ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ്

സർഗാത്മകതയെ തട്ടിയുണർത്താം

സാഹിത്യപ്രതിഭകളെ അടുത്തറിയാം

വായന പരിപോഷണം

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ

വായനശേഷി വളർത്തൽ

എഴുത്ത് പരിപോഷിപ്പിക്കൽ

ലേഖനശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരന്മാരെ അടുത്തറിയൽ

അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT)

നമ്മുടെ പ്രാചീന ഭക്ഷണങ്ങൾ പരിചയപ്പെടൽ (നാടൻ ഭക്ഷണം)

സാഹിത്യകാരന്മാരുടെ ജന്മ - ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, അടുത്തറിയൽ

പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ

സർഗോത്സവം - ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ.

ഭാഷാപ്രവർത്തനങ്ങൾ ലക്ഷ്യം നേടുന്നതുവരെ, വർഷം മുഴുവൻ, പ്രതിമാസം, ആവശ്യാനുസരണം എന്നിങ്ങനെ തരംതിരിച്ച് SRG, CPTA, HM, Class Teacher എന്നിവരുടെ മേൽനോട്ടത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

മേഖല: അക്കാദമികം

ഉപമേഖല: ഇംഗ്ലീഷ്

ലക്ഷ്യം:

ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ.

ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ

വായന - ആശയമറിഞ്ഞും ഒഴുക്കോടെയും

ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ.

തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതുവാനുള്ള ശേഷി

സർഗാത്മകതാ പരിപോഷണം

സർഗാത്മകതാ രചനാശേഷി വികസനം

ഇംഗ്ലീഷ് ഭാഷയിലുള്ള രചനാമികവ്

വായന പരിപോഷണം

ഇംഗ്ലീഷ് നന്നായി എഴുതുവാനും പറയുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ

ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ

ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് ഡയറി, ഇംഗ്ലീഷ് തിയേറ്റർ ഇംഗ്ലീഷ് മാഗസിൻ, ഇംഗ്ലീഷ് കൈയെഴുത്ത്, ഇംഗ്ലീഷ് കോർണർ, ഇംഗ്ലീഷ് ഫെസ്റ്റ്

ഇംഗ്ലീഷ് ഭാഷാ പഠനവുമായി ബന്ധപ്പെടുത്തി സ്കിറ്റ്, നാടകം, സംഭാഷണം, കഥ പറച്ചിൽ തുടങ്ങി ഇംഗ്ലീഷ് പരിപോഷണത്തിനാവശ്യമായ പ്രവർത്തനങ്ങൾ SRG, CPTA, HM, ക്ലാസ് ടീച്ചർ എന്നിവരുടെ ചുമതലയിൽ സമയബന്ധിതമായി വർഷം മുഴുവൻ നടപ്പിലാക്കുന്നു.

മേഖല : അക്കാദമികം

ഉപ മേഖല : പരിസരപഠനം

ലക്ഷ്യം :

പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും
ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്.
ആഹാര ശീലങ്ങളും - ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്
പ്രകൃതി വിഭവ സംരക്ഷണം
നാടറിയാൻ. നാട്ടറിവുകൾ
ശാസ്ത്രാവബോധം വളർത്തുക
ശാസ്ത്രപരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ
ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ
ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം, രചന
നിരീക്ഷണം - അറിവ് നിർമ്മാണം
കേരളം - ഇന്ത്യ - ഭൂപടവായന, സൂചിക പരിചയപ്പെടൽ
ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ - അന്വേഷണത്വര വളർത്തൽ.

ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ പ്രകൃതിനടത്തം, പൂമ്പോദ്യാനം, ഔഷധത്തോട്ടം, ജൈവവൈവിധ്യ പാർക്ക്, തടയണ, മഴക്കുഴി നിർമ്മാണം, ജലസ്രോതസ്സുകൾ സംരക്ഷണം, പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങൾ, ലഘുപരീക്ഷണങ്ങൾ, കുറിപ്പ് തയ്യാറാക്കൽ, ശാസ്ത്രപ്രതിഭകളെ അടുത്തറിയാം, പരീക്ഷണം വീട്ടിനകത്തും ശാസ്ത്രമാസികകൾ, കർഷകരുമായി അഭിമുഖം, കൃഷിയിടത്തേക്ക് നമുക്കും കർഷകരാകാം, ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ, പതിപ്പ്, ചാർട്ട്

ശുചിത്വ സർവ്വേ ക്ലാസുകൾ, പോസ്റ്റർ രചനാമത്സരം

ഭക്ഷ്യമേള - പ്രദർശനം - നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും.

പ്രകൃതിനടത്തം - കാഴ്ച ബംഗ്ലാവിലേക്ക്

പാഠഭാഗവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ

വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര - മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്ക് ലോർ അക്കാദമി ഇവ സന്ദർശിക്കൽ.

ഭൂപട വായന, ഭൂപടരചന, സൂചികാനിർമ്മാണം

ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ

പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം.

ശാസ്ത്ര മാസികകളുടെ നിർമ്മാണം

ശാസ്ത്രമേളകളിൽ പങ്കെടുക്കൽ

ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി SRG, ക്ലാസ് പിടിഎ, HM, ക്ലാസ് ടീച്ചർ എന്നിവരുടെ ചുമതലയിൽ കാലാനുസൃതം നടത്തപ്പെടുന്നു.

മേഖല: അക്കാദമികം

ഉപമേഖല: ഗണിതം

ലക്ഷ്യം:

കളികളും നിർമ്മാണപ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ

ഗണിത ചിന്താശേഷി വളർത്തൽ

ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാൻ

ഗണിത പഠനം രസകരമാക്കൽ [ചതുഷ്ക്രിയകൾ ലളിതമാക്കൽ

ഗണിതശാസ്ത്ര പഠനം രസകരമാക്കൽ - കരചലന ശേഷി വികാസം ഒറിഗാമിയിലൂടെ]

ഗണിത പഠനപ്രവർത്തനം സ്വതന്ത്രമാക്കൽ

ഗണിതരൂപങ്ങളുടെ പ്രായോഗികമൂല്യം തിരിച്ചറിയൽ

പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ

ഗണിതശേഷികളുടെ പ്രകടനം

ഗണിതപഠനലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ പഠനപ്രവർത്തനങ്ങൾ

· ഗണിതമാഗസിൻ

ജ്യാമിതീയരൂപങ്ങളുടെ നിർമ്മാണം - ഏകദിന ക്യാമ്പ്.

ഗണിതക്യാമ്പ് - ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ

ഒരുദിനം ഒരുചോദ്യം - കുസൃതിക്കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ

ഒറിഗാമി ശില്പശാല - രസകരമായി ഗണിത പഠനവും നിർമ്മാണപ്രവർത്തനങ്ങളുടെ ആസൂത്രണവും

ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ

ഗണിതച്ചുമർ ഒരുക്കൽ - ഉപയോഗപ്പെടുത്തൽ

ഗണിതലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ

പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം

ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം. പ്രദർശനം.

വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ

മൂല്യനിർണയം. (ഏണിയും പാമ്പും, ഡയസ് കളി)

സങ്കലനം, വ്യവകലനം (കച്ചവടക്കളി)

പ്രശ്നോത്തരി.

പസിൽ

പാറ്റേൺ

പഠനഉൽപന്നങ്ങളുടെ പ്രദർശനം

ഗണിതപഠനം രസകരവും ലളിതവുമാക്കുന്നതിനാവശ്യമായ എല്ലാ പഠനപ്രവർത്തനങ്ങളും SRG, ക്ലാസ് പിടിഎ, HM, ക്ലാസ്ടീച്ചർ എന്നിവരുടെ നേതൃത്വത്തിൽ സമയബന്ധിതമായി വർഷം മുഴുവനും നടത്തുന്നു.

## മേഖല: അക്കാദമികം

## ഉപമേഖല: ഹിന്ദി

### ലക്ഷ്യം

ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പെടുക്കുക.

ഹിന്ദിവായന – തെറ്റു കൂടാതെ ഹിന്ദി വായന

ഹിന്ദിസംസാരം – ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കിയെടുക്കും. ഹ നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കുവാനുള്ള ഭാഷ പരിചയപ്പെടുത്തും.

ഹിന്ദി അസംബ്ലി – ആഴ്ചയിലൊരിക്കൽ ഹിന്ദി അസംബ്ലി നടത്തും.

### പ്രവർത്തനങ്ങൾ

പുതിയ പദങ്ങൾ, പദ്യങ്ങൾ ഇവയിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ പരിചയപ്പെടൽ, ബാലഗീതങ്ങൾ – കവിതകൾ ചിത്രങ്ങൾ, അക്ഷരമാലചാർട്ട്, അക്ഷരരചന കാണിക്കൽ നിരന്തര വായന, ഹിന്ദിചിത്രകഥകൾ, CD പ്രദർശനം, ICT ഹിന്ദി അസംബ്ലി, ഹിന്ദിഎഴുത്ത് – കോപ്പിബുക്ക്, ഹിന്ദിആസ്വാദനം

ഹിന്ദി പഠനത്തിനാവശ്യമായ വിവിധ പഠനപ്രവർത്തനങ്ങളിലൂടെ കുട്ടികളെ സമയബന്ധിതമായി ഹിന്ദിപഠനം അനായാസകരവും രസകരവുമാക്കി മാറ്റുന്നു. SRG, ക്ലാസ് പി.ടി.എ, HM, ക്ലാസ്ടീച്ചർ എന്നിവരുടെ നേതൃത്വത്തിൽ ഹിന്ദിപഠനം ലളിതമാക്കി മാറ്റുന്നു.



സ്വന്തം വിദ്യാലയത്തെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

## സ്കൂൾ കൗൺസിൽ

അന്വേഷണാത്മകമായ സാമൂഹിക ശേഷികൾ പ്രോത്സാഹിപ്പിക്കാനും കുട്ടികളുമായി സ്നേഹത്തോടെയുള്ള ബന്ധം സ്ഥാപിക്കാനും സ്കൂൾ കൗൺസിൽ പ്രയോജനപ്പെടുത്തുന്നു. സ്കൂൾ കൗൺസിലർമാരുടെ സ്നേഹപൂർവമായ ഇടപെടൽ കുട്ടിയ്ക്ക് തന്റെ കഴിവുകൾ തിരിച്ചറിയാനും ആത്മവിശ്വാസത്തോടെ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനും കഴിയുന്നു.

## താല്പര്യം

കുട്ടിയ്ക്ക് ഇഷ്ടമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ അവസരം നൽകുന്നു. ഇഷ്ടമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിലൂടെ കുട്ടി തന്റെ അഭിരുചി മനസ്സിലാക്കുന്നു. കുട്ടിയ്ക്ക് ആത്മവിശ്വാസത്തോടെ വിലയിരുത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ അവസരം കിട്ടുന്നു.

## കുട്ടികളുടെ അവതരണം

കഴിവുകളും പഠനോപകരണങ്ങളും അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ബാലസഭകൾ, ക്ലാസ് പിടിഎ, ദിനാചരണങ്ങൾ, വിവിധതരം മേളകൾ പഠനോത്സവങ്ങൾ എന്നിവ ഇതിനായി പ്രയോജനപ്പെടുത്തുന്നു. ഓരോ ഘട്ടം കഴിയുമ്പോഴും കുട്ടി തന്റെ കഴിവുകൾ തിരിച്ചറിഞ്ഞ് മെച്ചപ്പെടുത്തുന്നു. കുട്ടിയ്ക്ക് ആത്മവിശ്വാസത്തോടെ സ്വയം വിലയിരുത്താൻ കഴിയുന്നു.

## കായികവിദ്യാഭ്യാസം

ആരോഗ്യ കായിക വിദ്യാഭ്യാസം കുട്ടികളിൽ കായിക ക്ഷമത കൈവരിക്കുന്നതിനും നിലനിർത്തുന്നതിനും സഹായിക്കുന്നു. കളികളിലെ പങ്കാളിത്തം കുട്ടികളിൽ സഹകരണ മനോഭാവം, നേതൃത്വ പാടവം, നിയമങ്ങൾ അനുസരിക്കൽ തുടങ്ങിയ സാമൂഹിക ഗുണങ്ങൾ കൈവരിക്കുന്നതിന് സഹായിക്കുന്നു. ഒരു കുട്ടിയുടെ സ്വഭാവം രൂപപ്പെടുത്തുന്നതിൽ കായിക വിദ്യാഭ്യാസം നിർണ്ണായക പങ്ക് വഹിക്കുന്നു. സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ച് ചെറുകളികളിലും വ്യായാമങ്ങളിലും ഏർപ്പെടാനവസരം നൽകുന്നു. എല്ലാ ആഴ്ചയിലും ഒരു ദിവസങ്ങളിലായി എല്ലാ ക്ലാസ്സുകളിലെയും കുട്ടികൾക്ക് നിശ്ചിതസമയം കായിക പ്രവർത്തനങ്ങളിലേർപ്പെടാൻ അവസരം നൽകുന്നു.

## കലാവിദ്യാഭ്യാസം, പ്രവൃത്തിപരിചയവിദ്യാഭ്യാസം

കലയും വിദ്യാഭ്യാസവും പരസ്പരം ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. വിദ്യാർത്ഥികളുടെ മൊത്തത്തിലുള്ള വികസനത്തിന്റെ വിവിധ വശങ്ങൾ മെച്ചപ്പെടുത്തുന്നതിൽ കല ഒരു പ്രധാന പങ്ക് വഹിക്കുന്നു. സർഗ്ഗാത്മകത, വിമർശനാത്മകചിന്ത, വികാരപ്രകടനം, നൈപുണ്യ വികസനം, സാംസ്കാരിക അവബോധം, നേതൃത്വം, അച്ചടക്കം തുടങ്ങിയ വിവിധ ശേഷികൾ കൈവരിക്കാൻ കലാപഠനത്തിലൂടെ സാധിക്കുന്നു.

ഓരോ കുട്ടിയിലും അന്തർലീനമായിരിക്കുന്ന കഴിവുകളെ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനോടൊപ്പം കുട്ടിയെ നാളെയുടെ സ്വയം പര്യാപ്തമായ പൗരന്മാർ ആക്കുക എന്നലക്ഷ്യമാണ് പ്രവൃത്തിപഠന ക്ലാസിലൂടെ കുട്ടി നേടുന്നത്

## സമഗ്രമായ പാഠാസൂത്രണം

ഫലപ്രദമായ ഒരു പദ്ധതിയുടെ നിർണായക ഘടകങ്ങളിലൊന്ന് ആ പാഠത്തിന്റെ ലക്ഷ്യമാണ്. പാഠത്തിന്റെ ലക്ഷ്യങ്ങൾ ഒരു പ്രത്യേക വിഷയത്തിന്റെ അടിത്തറ സൃഷ്ടിക്കുകയും അതിൽ മികവ് നേടാൻ വിദ്യാർത്ഥികളെ സഹായിക്കുകയും ചെയ്യുന്നു. സ്കൂളിൽ ലഭ്യമായ വിഭവങ്ങളും സൗകര്യപ്രദമായ പ്രവർത്തനങ്ങളും പാഠങ്ങൾ ആസൂത്രണം ചെയ്യുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. ICT യുടെ സാധ്യത പ്രയോജനപ്പെടുത്തി ക്ലാസ്സും അന്തരീക്ഷം മികച്ചതാക്കി മാറ്റുന്നു. മൂല്യനിർണ്ണയങ്ങൾ, ക്വിസുകൾ, ചോദ്യാവലി.... തുടങ്ങിയ വിവിധ തന്ത്രങ്ങൾ ഉപയോഗിച്ച്, കുട്ടികൾ നേടേണ്ട പഠനലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്താൻ കഴിയുന്നു. പാഠം ആസൂത്രണം ചെയ്യുമ്പോൾ വിദ്യാർത്ഥികൾക്ക് അവത്സകരമാക്കുന്നതിന് വ്യത്യസ്ത പഠന ശൈലികൾ ഉപയോഗപ്പെടുത്തുന്നു.

· വിദ്യാഭ്യാസ വീഡിയോകൾ, ഡോക്യുമെന്ററികൾ, PDF കൾ, ചിത്രങ്ങൾ, പുസ്തകങ്ങൾ, കാർഡുകൾ തുടങ്ങിയ വ്യത്യസ്ത ബോധന മാർഗങ്ങൾ ഉപയോഗിക്കുന്നു.

## ടൈം ടേബിൾ

സ്കൂൾ ടൈംടേബിൾ എന്നത് സ്കൂൾ ദിവസത്തിലെ ക്ലാസ് മുറികളിലും സമയപരിധികളിലും വിദ്യാർത്ഥികളെയും അധ്യാപകരെയും ഏകോപിപ്പിക്കുന്ന കലണ്ടറാണ്. കൃത്യമായ ടൈം ടേബിൾ സ്കൂൾ തുറക്കുന്നതിനു മുൻപ് തയ്യാറാക്കി അധ്യാപകർക്ക് ചുമതലകൾ നൽകുന്നു. ഒരു അധ്യയന വർഷത്തിൽ സ്കൂൾ തലത്തിൽ നടത്തേണ്ട എല്ലാ പ്രതിമാസ പ്രവർത്തനങ്ങളുടെയും ടൈം ടേബിൾ തയ്യാറാക്കി ചുമതലകൾ വിഭജിച്ച് നൽകുന്നു.

## പഠനപിന്തുണ ഉറപ്പാക്കൽ

ഗുണനിലവാരമുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാക്കുക എന്നതാണ് ഓരോ സ്കൂളിന്റെയും ലക്ഷ്യം. വിവിധ കാരണങ്ങളാൽ ചില കുട്ടികൾക്ക് പഠനനേട്ടങ്ങൾ കൈവരിക്കാൻ കഴിയുന്നില്ല. ഇത് പഠനവിടവ് സൃഷ്ടിക്കുന്നു. ക്ലാസ് മുറികളിൽ നടക്കുന്ന പഠനപ്രവർത്തനങ്ങളിലൂടെ കുട്ടിക്ക് പഠനാനുഭവങ്ങൾ ലഭിക്കുന്നു. ക്ലാസ്മുറിയിലെ പ്രവർത്തനങ്ങൾ സൂക്ഷ്മതലത്തിൽ തിരിച്ചറിഞ്ഞ് പഠനപിന്നോക്കാവസ്ഥ കണ്ടെത്തുന്നു. പഠന പിന്നോക്കാവസ്ഥ തിരിച്ചറിഞ്ഞ് ആവശ്യമുള്ളവർക്ക് പരിഹാരമാർഗങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. ശ്രദ്ധ, മലയാളത്തിളക്കം തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ വർഷം മുഴുവനും നടപ്പിലാക്കുന്നു.

കുട്ടികൾ സ്വയം കഴിവുകൾ തിരിച്ചറിയുകയും സ്വയം വിലയിരുത്തൽ നടത്തുകയും ചെയ്യുന്നതിനാവശ്യമായ പലതരം പഠന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. കുട്ടികൾ ആത്മവിശ്വാസത്തോടെ സ്വയം വിലയിരുത്തൽ നടത്തുന്നു. ഓരോ കുട്ടിയുടെയും അഭിരുചികൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നു. കഥകൾ, കവിതകൾ കുട്ടികൾക്ക് കേൾക്കാനുള്ള അവസരം നൽകുന്നു. ഡിജിറ്റൽ സംവിധാനം പരമാവധി പ്രയോജനപ്പെടുത്തുന്നു. കുട്ടികൾക്ക് വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠനോല്പന്നങ്ങൾ നിർമ്മിച്ച് പ്രദർശിപ്പിക്കുന്നു. കുട്ടികളുടെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മനോഹര ഓഡിയോ- വീഡിയോ പ്രദർശനം സംഘടിപ്പിക്കുന്നു. ഓരോ ഘട്ടം കഴിയുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും കുട്ടിയെയും രക്ഷിതാവിനെയും അറിയിക്കുന്നു. പഠനപുരോഗതി വിലയിരുത്തുന്ന

മേഖല : അക്കാദമികം ഉപമേഖല: മലയാളം ഭാഷ ക്ലാസ്: 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥകളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ<br>2) അമ്മ പറയട്ടെ അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു. | സെപ്തംബർ<br>ഒക്ടോബർ<br>ജൂലൈ<br>ഡിസംബർ<br>ജനവരി<br>മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ<br>SRG<br>SMC<br>സ്കൂൾ വികസന സമിതി<br>ക്ലാസ് ടീച്ചർ<br>SRG<br>MPTA | SMC<br>MPTA |

മേഖല: അക്കാദമികം ഉപമേഖല : ഇംഗ്ലീഷ് ക്ലാസ്: 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരമൊരുക്കൽ | കാർട്ടൂൺ പ്രദർശനം<br>സിനിമാപ്രദർശനം | മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher | SSA |

മേഖല: അക്കാദമികം ഉപമേഖല: ഗണിതം ക്ലാസ്: മൂന്ന്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1. ഗണിത മാഗസിൻ<br>2. ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം<br>· ഏകദിന ക്യാമ്പ്.<br>3) ഗണിത ക്യാമ്പ്<br>ഗണിതപ്രവർത്തനങ്ങൾകളിലൂടെ | ജൂൺ-മാർച്ച്<br>സെപ്റ്റംബർ<br>മാസത്തിൽ ഒന്ന് വീതം | S.RAM<br>ക്ലാസ്ടീച്ചർ<br>SRG<br>ക്ലാസ്ടീച്ചർ | SSA |

മേഖല: അക്കാദമികം ഉപമേഖല: പരിസരപഠനം ക്ലാസ്: മൂന്ന്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്.<br>പ്രകൃതിയെഅറിയുന്നതിനും ആസ്വദിക്കുന്നതിനും | ഭക്ഷ്യമേള - പ്രദർശനം<br>നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചിഅറിവും<br>പൂന്തോട്ടം, ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം | ജൂൺ - ജൂലൈ<br>ആഗസ്റ്റ്<br>ഡിസംബർ<br>ജനുവരി | ക്ലാസ്ടീച്ചർ<br>SRG<br>SMC<br>SRG<br>SMC | SMC |

മേഖല: അക്കാദമികം    ഉപമേഖല: ഭാഷ    ക്ലാസ്: രണ്ട്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവം |
| --- | --- | --- | --- | --- |
| ഉചിതമായ വ്യവഹാര രൂപങ്ങളിലൂടെ ലേഖന മികവ് | 1. എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ | ഒക്ടോബർ<br>നവംബർ | SRG<br>SMC<br>കുട്ടികൾ | MPTA<br>SRG |
| | 2. ലഘു പതിപ്പുകൾ തയ്യാറാക്കൽ | ഡിസംബർ | MPTA | SMC |
| സർഗാത്മകതയെ തട്ടിയുണർത്താം | 3. രചന ശില്പശാല കഥ, കവിത, രചനകൾ വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>പ്രമുഖ വ്യക്തികൾ, അധ്യാപകർ | |

മേഖല: അക്കാദമികം    ഉപമേഖല: ഇംഗ്ലീഷ്    ക്ലാസ്: രണ്ട്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവം |
| --- | --- | --- | --- | --- |
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk ...<br>പ്രതിഭാധനരുമായി സംവദിക്കൽ | മൂന്ന് മാസത്തിൽ ഒന്ന് | SRG | |
| | English ബോക്സ് | മാസത്തിൽ ഒന്ന് | Class Teacher | SSA |
| | ഇംഗ്ലീഷ് അസംബ്ലി<br>One day English | ആഴ്ചയിൽ ഒന്ന് | SMC | |

മേഖല: അക്കാദമികം ഉപമേഖല: ഗണിതം ക്ലാസ്: രണ്ട്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ)<br>ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ) | ആഴ്ചയിൽ ഒന്ന്<br>മാസത്തിൽ ഒന്ന് | SRG<br>ക്ലാസ് ടീച്ചർ | SSA |

മേഖല: അക്കാദമികം ഉപമേഖല: പരിസരപഠനം ക്ലാസ്: രണ്ട്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| ശുചിത്വബോധം വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്<br>പ്രകൃതിയെ അറിയാൻ<br>നാടറിയാൻ - നാട്ടറിവുകൾ | ശുചിത്വ സർവ്വേ ക്ലാസുകൾ<br>പോസ്റ്റർ പ്രദർശനം<br>അവതരണങ്ങൾ<br>പ്രകൃതി നടത്തം - കാഴ്ചബംഗ്ലാവിലേക്ക് കാണാ കാഴ്ചകൾ<br>കർഷകരുമായി അഭിമുഖം - കൃഷിയിടത്തേക്ക്, നമ്മളും കർഷകരാകാം | ജൂൺ - ജൂലൈ<br>സെപ്തംബർ, ഡിസംബർ<br>ജനുവരി | SRG<br>SMC<br>ക്ലാസ് ടീച്ചർ<br>നാട്ടുകാർ | SMC |

മേഖല : അക്കാദമികം ഉപമേഖല: ഭാഷ ക്ലാസ്: മൂന്ന്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സഹായികൾ |
|---|---|---|---|---|
| സാഹിത്യകൃതികളെ അടുത്തറിയൽ<br><br>വായന പരിപോഷണം | 1. കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം<br>2. പുസ്തക ശേഖരണവും പ്രദർശനവും<br>3. ചിത്ര ഗ്യാലറി<br>4 വായനക്കളരി<br>5. നാട്ടുവായന | ജൂൺ<br>ജൂൺ- ഡിസംബർ<br>ജനുവരി<br>ആഴ്ചയിലൊന്ന് | അധ്യാപകർ<br>SMC<br>SRG<br>MPTA<br>വായനശാല<br>സാഹിത്യ ക്ലബ് | SMC<br>ക്ലബ്<br>SRG<br>വായനശാല |

മേഖല: അക്കാദമികം ഉപമേഖല: ഇംഗ്ലീഷ് ക്ലാസ് : മൂന്ന്.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സഹായികൾ |
|---|---|---|---|---|
| വായന - അഭിരുചിയും ഉള്ളടക്കത്തോടെയും | ക്ലാസ് ലൈബ്രറി വികസനം<br>വാർത്താ വായന മത്സരം സംഘടിപ്പിക്കൽ<br>വായനക്വിസുകൾ<br>ബാലപ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ- മാർച്ച്<br>മാസത്തിലൊന്ന്<br>മാസത്തിലൊന്ന് | SRG<br>SMC<br>MPTA<br>വായനശാല<br>ക്ലബ് | SMC<br>ക്ലബ്<br>SRG<br>വായനശാല |

മേഖല : അക്കാദമികം   ഉപമേഖല : ഗണിതം   ക്ലാസ് : മൂന്ന്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല<br>ഒറിഗാമി, ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ<br>പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>SMC | SSA<br>staff<br>SMC |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | രസകരമായി ഗണിതപഠനവും ഗണിത രൂപങ്ങളുടെ നിർമ്മാണവും<br>മെട്രിക് മേള, ഗണിതോത്സവം | ജനുവരി | ക്ലാസ് ടീച്ചർ | |

മേഖല : അക്കാദമികം   ഉപമേഖല : പരിസരപഠനം   ക്ലാസ് : മൂന്ന്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം, അറിയാം<br>ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പു തയ്യാറാക്കുന്നു. | ജൂൺ<br>ജൂലൈ | SMC<br>SRG | SRG<br>SMC |
| പ്രകൃതിവിഭവ സംരക്ഷണം | ജൈവ - വൈവിധ്യ പാർക്ക്, തടയണ, മഴക്കുഴി നിർമ്മാണം, ജലസ്രോതസ്സുകൾ<br>പരിസ്ഥിതിസംരക്ഷണപ്രവർത്തനങ്ങളിലെ പങ്കാളിത്തം, ശാസ്ത്രമാസികകൾ | ആഗസ്റ്റ്<br>ഡിസംബർ | ക്ലാസ് ടീച്ചർ | |

മേഖല: അക്കാദമിക   ഉപമേഖല: മലയാളം   ക്ലാസ്: നാല്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായി പിന്നോക്കാവസ്ഥ പരിഹരിക്കൽ<br>വായനശേഷി വളർത്തൽ<br>ലേഖനശേഷി | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>ക്ലാസ് വായനക്കൂട്ടം, ക്ലാസ് ലൈബ്രറി ഒരുക്കൽ<br>പുസ്തക പരിചയം, പുസ്തകസംവാദം<br>ആനുകാലിക വായന, വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്<br>ലേഖനശേഷി വികസിപ്പിക്കൽ, സാഹിത്യകാരന്മാരുമായി സംവാദം | ലക്ഷ്യം നേടുന്നുവരെ<br>വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ<br>HM<br>CPTA | PTA |

മേഖല: അക്കാദമികം   ഉപമേഖല: മലയാളം ഇംഗ്ലീഷ്   ക്ലാസ്: നാല്

| പ്രവർത്തനലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ<br>സർഗ്ഗാത്മകത, പരിപോഷണം | ആഴ്ചയിൽ രണ്ടു ദിവസം ഇംഗ്ലീഷ് അസംബ്ലി<br>ഇംഗ്ലീഷ് ഡയറിക്കുറിപ്പ് എഴുതൽ<br>ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാരരൂപങ്ങളാക്കി അവതരിപ്പിക്കൽ<br>Drama, Conversation, Skit, Story telling | ആഴ്ചയിൽ 3<br>വർഷം മുഴുവൻ<br>മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ<br>HM<br>SMC | SMC |

മേഖല: അക്കാദമികം ഉപമേഖല: ഗണിതം ക്ലാസ്: നാല്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പ… |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ<br>ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം<br>ഗണിതലാബ് ഒരുക്കൽ<br>ഗണിതച്ചുമർ ഒരുക്കൽ<br>പ്രശ്നോത്തരി<br>പസിൽ, പാറ്റേൺ, പഠനോപകരണങ്ങളുടെ പ്രദർശനം | വർഷം മുഴുവൻ<br>ആവശ്യാനുസരണം<br>വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ<br>HM | SMC |

മേഖല: അക്കാദമികം ഉപമേഖല: പരിസരപഠനം ക്ലാസ്: നാല്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പ… |
|---|---|---|---|---|
| നിരീക്ഷണം- അറിവുനിർമ്മാണം<br>ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ<br>ശാസ്ത്രപഠനത്തിനാവശ്യമായ പഠനസാമഗ്രികൾ ഒരുക്കൽ, പരീക്ഷണം സംഘടിപ്പിക്കൽ<br>വാനനിരീക്ഷണം<br>ശാസ്ത്രപാർക്ക്<br>ഭൂപടവായന- രചന, പതിപ്പ്, ശാസ്ത്രമാസിക | വർഷം മുഴുവൻ<br>വർഷത്തിലൊന്ന്<br>ആവശ്യാനുസരണം | SRG<br>Class Teacher<br>HM<br>CPTA | SSA<br>SMC |

മേഖല: അക്കാദമികം    ഉപമേഖല: മലയാളം    ക്ലാസ്: അഞ്ച്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയസംവാദം നടത്താനും പഠനസമയത്ത് വളർത്താനും പരിതഃസ്ഥിതികളുമായി | ഭാഷാകേളി<br>വാക്കുകളിൽ നിന്നും വാക്യങ്ങളിലേക്ക്<br>വാർത്താലോകത്തേക്ക്<br>സംവാദം, മുഖാമുഖം, അംഗവിക്ഷേപം<br>ദിനാചരണങ്ങൾ, വിദ്യാരംഗം, പതിപ്പ്,<br>കൈയെഴുത്ത് മാസിക | ജൂൺമാസം<br>എല്ലാദിവസവും<br>പ്രതിമാസം<br>വർഷം മുഴുവൻ | ക്ലാസ് ടീച്ചർ<br>SRG<br>HM<br>ക്ലബ് | SMC<br>ക്ലബ് |

മേഖല: അക്കാദമികം    ഉപമേഖല: ഇംഗ്ലീഷ്    ക്ലാസ്: അഞ്ച്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കൽ ഉദ്ദേശമാവുന്നു | ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ഉത്തരങ്ങൾ കണ്ടെത്തി പറയുന്നു. ഇംഗ്ലീഷിലുള്ള നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തനത്തിന് ആശയം നൽകി ഇംഗ്ലീഷിൽ പറയാനവസരം നൽകുന്നു. Drama, skit, conversation, Roleplay, Englishfest English Assembly, പതിപ്പ്, ലഘുകുറിപ്പുകൾ. | വർഷം മുഴുവൻ<br>ദിനാചരണങ്ങളിൽ<br>എല്ലാ ഇംഗ്ലീഷ് പീരിയഡ് | English teacher<br>PTA,<br>SRG C | SMC |

മേഖല: അക്കാദമികം      ഉപമേഖല: ശാസ്ത്രം      ക്ലാസ്: അഞ്ച്

| ലക്ഷ്യം | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സഹായികൾ |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാ ശേഷി വികസിപ്പിക്കുക<br>ആധുനിക ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വികസിപ്പിക്കുക | ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം<br>ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണം<br>കാവ് നിരീക്ഷണം<br>ലഘു പരീക്ഷണങ്ങൾ - കുറിപ്പ് തയ്യാറാക്കൽ<br>ആരോഗ്യ ക്ലബ്, ശാസ്ത്ര ക്ലബ്, ഹരിത ക്ലബ്<br>അഭിമുഖം, ശാസ്ത്ര ലൈബ്രറി, ശാസ്ത്രമാസിക | അക്കാദമിക വർഷം മുഴുവൻ | ശാസ്ത്ര അധ്യാപകർ<br>SRG | PTA<br>SMC<br>സയൻസ് ക്ലബ് |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സഹായികൾ |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ<br>ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുക. | അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയവ ആസ്പദമാക്കി ICT സാധ്യത ഉപയോഗിച്ച് ചരിത്രബോധം വളർത്തുന്നു.<br>പ്രകൃതിദുരന്തങ്ങളെ കുറിച്ച് കൂടുതൽ അറിവ് ശേഖരിക്കൽ, പരിസ്ഥിതി ക്ലബ്, പരിസ്ഥിതിസംരക്ഷണം | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | SMC<br>സാമൂഹ്യ ശാസ്ത്ര ക്ലബ് |

മേഖല: അക്കാദമികം    ഉപമേഖല: ഗണിതം    ക്ലാസ്: അഞ്ച്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നതിന് ഗണിതപ്രവർത്തനങ്ങൾ മധുരമാക്കൽ | ഗണിത ശില്പശാല | വർഷം മുഴുവൻ ആവശ്യാനുസരണം മാസം തോറും | ഗണിത അധ്യാപകർ ഗണിതക്ലബ്ബ് SRG | SMC SRG |
| | ഒറിഗാമി ശില്പശാല | | | |
| | ഗണിത പാർക്ക് | | | |
| | ഗണിത ക്ലബ്ബ് | | | |
| | ദിനാചരണങ്ങൾ | | | |
| | ഗണിതപതിപ്പ് | | | |

മേഖല: അക്കാദമികം    ഉപമേഖല: ഹിന്ദി    ക്ലാസ്: അഞ്ച്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അഞ്ചാം ക്ലാസ് മുതൽ ഹിന്ദി ആരംഭിക്കുന്നതിനാൽ ഹിന്ദിപഠനം രസകരവും ലളിതവുമാക്കൽ ഹിന്ദി തെറ്റുകൂടാതെ വായിക്കാനും എഴുതാനുമുള്ള ശേഷിവളർത്തൽ | ഹിന്ദി വായന, അക്ഷരം ഉറപ്പിക്കൽ | വർഷം മുഴുവൻ ആവശ്യാനുസരണം മാസം തോറും | ഹിന്ദി അധ്യാപകർ | SRG |
| | ഹിന്ദി സംസാരം | | | |
| | ഹിന്ദി പാട്ട് | | | |
| | ഹിന്ദി അസംബ്ലി | | | |
| | മൗനവായന | | | |
| | ഹിന്ദി ചിത്രകഥകൾ വായന | | | |
| | ഹിന്ദിപതിപ്പ്, ഹിന്ദി കാർഡ്, അക്ഷരമാല നിർമ്മാണം. | | | |